Kerala Fruit Nurseries Bill, 1963

Minister for Food and Agriculture (**Shri E. P. Poulose**): Sir, I introduce the Kerala Fruit Nurseries Bill, 1963.

Mr. Chairman : The Bill stands introduced.

Shri E. P. Poulose : Sir, I move that the Bill be referred to a Select Committee consisting of the following members:

1. Shri O. Koran
2. ,, Hamid Ali Shemnad
3. ,, T. A. Thomman
4. ,, K. C. Abraham
5. ,, V. Madura
6. ,, P. R. Krishnan
7. ,, R. Krishnan
8. ,, P. K. Kunjachan

and the mover. The Mover will be the Chairman.

Shri P. P. Ummerkoya : I second it.

Shri E. P. Poulose : Sir, It has been the policy of the Department of Agriculture to distribute as many seedlings as possible from Government Nurseries for development of cash crops in general and fruit plants in particular. Government proposes to raise a nursery by themselves. Steps have been taken by the Department to acquire the necessary lands and to raise a nursery in the Palghat District. Meanwhile, it has been the practice in several parts of the State for private persons to raise fruit plant nurseries and distribute seedlings. Hitherto, there were only a very few of these nurseries but quite recently a number of nurseries have been raised and the seedlings distributed from private nurseries have been steadily on the increase. So it has reached a stage when some amount of regulation is necessary to ensure the purity of the seedlings distributed, to see that disease free plants are sold to intending cultivators. With this object in view in other States also similar measures have been proposed and in certain states this has become a Law. In this State also we propose on the lines on which this has been taken up in other States. This will ensure that not only disease free plants are distributed but also that high yielding varieties are chosen and distributed to extend the area under fruit plant. The details of the Bill can be discussed in the Select Committee and any valuable suggestion that may be coming from the Select Committee will be considered. I commend this for consideration and adoption.

ശ്രീ. എൻ. മാസ്സ്രൻനായർ : സർ, ഞാൻ ഈ ബില്ലിനെ അനുകൂലിക്കുകയാണു്. ഇതു് അതിപ്രധാനമായ ഒരു ബില്ലാണു്. ഇന്നു് നമ്മുടെ കേരളത്തിൽ മറ്റെല്ലാ സ്ഥലങ്ങളിലും കാണുന്നപോലെ മായം സാധാരണയുള്ള ചെടികളം വിതരണം ചെയ്യുന്നതിലും, മറ്റുള്ള കായ്കനികളം വിതരണം ചെയ്യുന്നതിലും കാണുന്നുണ്ടെന്നുള്ളതു് ഒരു വസ്തുതയാണു്. മാവിൻ തൈ ആണെന്നു പറഞ്ഞുകൊണ്ടു്— ഒട്ടുമാവിൻ തൈ ആണെന്നു പറഞ്ഞുകൊണ്ടു്— യാതൊരു പ്രയോജനവുമില്ലാത്ത രീതിയിലുള്ള ചില ചെടികളം വിതരണം ചെയ്യുന്നതുമൊക്കെ വളരെ സാധാരണമാണു്. ഇന്നു ഗവണ്മെന്റിൽനിന്നും

LIBRARY ARCHIVES Kerala Legislative Assembly

(ശ്രീ. എൻ. ഭാസ്കരൻ നായർ.)

നേഴ്സറീസ് ഉണ്ടാക്കി വളരെയധികം പ്ലാന്റ് ഡിസ്ട്രിബ്യൂട്ട ചെയ്യുന്ന അനുഭവം കാണുന്നുണ്ട്. ഇന്ന് പല നേഴ്സറികളിലും പ്രൈവറ്റ് പാർട്ടികളിൽ നിന്നുവാങ്ങുന്ന ചെടികളും വിതരണം ചെയ്യുന്ന സമ്പ്രദായമുണ്ട്. അങ്ങനെ പ്രൈവറ്റ പാർട്ടികളിൽനിന്നും ചെടികളും വാങ്ങി ഗവണ്മെന്റ് നേഴ്സറികളിൽ വിതരണം ചെയ്യുന്ന അവസരത്തിൽ, പ്രൈവറ്റ പാർട്ടീസ് കൃത്രിമത്തോട്ടക്കൂടി പാകം ചെയ്ത് ഉണ്ടാക്കിയ ചെടികളും വിതരണം ചെയ്യുകയാണെങ്കിൽ അത് ഉദ്ദേശിക്കുന്ന ഫലം ഉളവാക്കുകയില്ല എന്നുള്ളതാണ് ഒരു പരമാർത്ഥമാണ്. മുമ്പെങ്ങും ഇല്ലാത്തരീതിയിൽ ഇന്ന് നമ്മുടെ സ്റ്റേറ്റിൽ കായ്കനികളും വളരെയേറെ വർദ്ധിപ്പിക്കുന്നതിനുള്ള ഒരു ശ്രമം നമ്മളും നടത്തുന്നുണ്ട്. മിക്കവാറും എല്ലാ ആളുകളും ചെറിയ തുണ്ട ഭൂമിയുള്ള ആളുകളാണ്പോലും കുറെയെങ്കിലും കായ്കനികളും ഉണ്ടാവുന്ന ചെടികളും വച്ചുപിടിപ്പിക്കുന്ന സമ്പ്രദായം നടന്നുവരുന്ന കാലഘട്ടമാണിത്. അങ്ങനെ ഇരിക്കുമ്പോൾ ഗവണ്മെൻറിൽനിന്നും വേണ്ടവിധത്തിൽ പരിശോധിച്ച് വിത്തുകളും വിതരണം ചെയ്യുന്നതിന് സമ്മതിക്കുകയാണെങ്കിൽ അത് കൂടുതൽ വിഭവമുണ്ടാക്കുന്നതിനു ഇടയാക്കുന്നതാണ്. അപ്പോൾ എത്രത്തോളം നിഷ്കർഷയോടുകൂടി വിത്തുകളും നടുന്നുവോ അത്രത്തോളം ഫലപ്രദമായി കായ്കളും ഉണ്ടാക്കാൻ സാധിക്കുകയുള്ളൂ. ഇന്ന് റബ്ബർ ബോർഡിന്റെ സ്ഥിതിതന്നെ എടുക്കാം. റബ്ബർ ബോർഡിൽനിന്നും റബ്ബറിന്റെ വിത്തുകളും തൈകളും വളരെയേറെ വിതരണം ചെയ്യുന്നുണ്ട്. റബ്ബർ ബോർഡിന്റെ കീഴിലുള്ള നേഴ്സറികളിൽ നിന്നല്ലാതെ മറ്റനേകം പ്രൈവറ്റ പ്ലാന്റേഴ്സിൽനിന്നും ഈ ചെടികളും വിൽക്കുന്നുണ്ട്. മുന്നൂറേക്കർവീതമുള്ള ഗവണ്മെൻറിന്റെ പ്ലാന്റേഷൻ സ്കീം അനുസരിച്ചുള്ള സ്ഥലങ്ങളിലെല്ലാം റബ്ബർ തൈകളും വച്ചുപിടിപ്പിക്കുന്നതിനു മതിയായ തൈകളും കിട്ടാനില്ല. അതുകൊണ്ട് പ്രൈവറ്റ് പാർട്ടീസിൽ നിന്നും ധാരാളം തൈകളും വാങ്ങി നടുന്നുണ്ട്. ഇതെല്ലാം വേണ്ടവണ്ണം ഫലപ്രാപ്തിയിൽ എത്തുമോയെന്നുള്ളതാണ് സംശയമാണ്. എന്തായാലും ഇന്ന് റബ്ബർ ബോർഡിന്റെ കീഴിലാണെങ്കിൽപോലും പരിശോധിച്ച വിത്തുകളും തൈകളും മാത്രമേ ഡിസ്ട്രിബ്യൂട്ട ചെയ്യാവൂ എന്നൊരു നിഷ്കർഷവേണ്ടതാണ്. അത് ഈ ബില്ലിന്റെ കാര്യത്തിൽ ഫലപ്രദമായിതീരുമോ ഇല്ലയോ എന്നുള്ളതാണ് പരിശോധിക്കേണ്ടതാണ്. എന്തായാലും ഇങ്ങനെയുള്ള അതിപ്രധാനമായ സംഗതികളും ഇതിൽ ഉൾക്കൊള്ളുന്നുണ്ട്, അങ്ങനെ ഇതിനു പ്രത്യേകമായ ലൈസൻസ് വാങ്ങി ഈ ബിൽ ആക്ടായതിനുശേഷം ആക്ടിലെ വ്യവസ്ഥകളനുസരിച്ച് ലൈസൻസ് വാങ്ങിയിട്ടുള്ള പ്രൈവറ്റും നേഴ്സറികളിൽ ഉണ്ടാക്കുന്ന തൈകളും മാത്രമേ വിതരണം ചെയ്യാൻ പാടുള്ളൂ എന്നും അതിൽ കൃത്രിമം ചെയ്യുന്നവെങ്കിൽ അവരെ ശിക്ഷിക്കാനുള്ള പെനൽറ്റി ക്ലാസും ഇതിലുണ്ട്. ഇതും വളരെയേറെ പ്രയോജനം ചെയ്യുമെന്നുള്ളതിൽ സംശയമില്ല. ഫലപ്രദമായിട്ടും ആക്ടും എൻഫോഴ്സും ചെയ്യുന്നതിൽ കാണിക്കുന്ന ശ്രദ്ധകാന്തി അനുസരിച്ചുമാത്രമാണ് അതിന്റെ വിജയം നിലകൊള്ളുന്നതും. അതുകൊണ്ട് ആക്ടും പാസായതിനുശേഷം അതും നിഷ്കർഷയോടുകൂടി പാലിക്കുന്നതിനുള്ള റൂൾസും നമ്മളും എഴുതിയുണ്ടാക്കി അതും ഫലപ്രദമായ രീതിയിൽ നിഷ്കർഷ പാലിക്കുന്നതിനുള്ള നിർബന്ധബുദ്ധി ഇതിനു മുമതലപ്പെട്ട ആഫീസേഴ്സും കാണിക്കണമെന്നും ഞാൻ ഈ അവസരത്തിൽ പറയുകയാണ്. ഇതും വളരെയേറെ ആവശ്യമുള്ള ഒരു ബില്ലാണ്. ഇതിലെ വകുപ്പുകളെ സംബന്ധിച്ചകാര്യം പ്രത്യേകമായി സെലക്ടു കമ്മിറ്റി പരിശോധിക്കേണമെന്നുള്ളതിൽ യാതൊരു സംശയവുമില്ല. ഈ ബില്ലും സെലക്ടു കമ്മിറ്റിയിലയക്കണമെന്നുള്ള പ്രമേയത്തെ ഞാൻ അനുകൂലിക്കുകയാണ്.

Shri P. Balachandra Menon : Sir, This is an unnecessary piece of legislation and this is something of an unnecessary interference by the State in every possible aspect of man's life. I request the Government to drop this enactment. You are going to give licence to private

LIBRARY ARCHIVES Kerala Legislative Assembly

nursery owners; that means you are going to encourage black marketing. It is only black marketing and nothing else and I feel that we should not allow it. When the Government is serious that there should be good plants and good nurseries, they should extend their nurseries to other places and allow the private nurseries to compete with it and also to produce good seedlings as they can.

Shri E. P. Poulose : Now that is being done. A Nursery is now being raised in your home district and that is progressing. Meanwhile, this is only to regulate the practice among private parties.

Shri P. Balachandra Menon : I appreciate it because I have gone to that place and I have seen very recently the Nursery at Palghat and I am feeling very proud that the Government is in a position to do it. But I would request the Government to allow those people who are agriculturists to have their own nurseries formed. There should be healthy competition. The main sector will be the Government sector and the other will be the private sector which will be forced to compete with it. That should be your objective. I find if you give licence to raise private nurseries, then you will be allowing big black marketing. That should not be allowed. In a State like ours, in a country like ours, which is famous for its black marketing because of its licensing habit and its bureaucratic atmosphere, with the maximum number of lawyers and officials, this would only result in the entire nurseries being cerroded. Fruit growing also would get corrupted. I request you to drop this. My only suggestion is to extend the Government owned nurseries to every District. Let the private fruit nurseries have their own fruit gardens. Let them have their own nurseries. Let the private nurseries be allowed to work. But do not give any money and do not give them any licence. Let them come up and compete and that will be the best thing for the agriculturists.

ശ്രീ. കെ. മൊയ്തീൻകുട്ടിഹാജി: സർ, ഈ ബിൽ അവതരിപ്പിച്ചുകൊണ്ട് ബഹുഃമന്ത്രിയും അതിനെ അനുകൂലിച്ചുകൊണ്ട് ശ്രീ. ഭാസ്ക്കരൻനായരും പ്രസംഗിച്ചു. എങ്കിലും ഇത്രയും തിടുക്കമായി ഇത്തരമൊരു ബിൽ അവതരിപ്പിക്കുവാൻ ഒന്നും ഈ നാട്ടിൽ ഉണ്ടായിട്ടില്ലെന്ന അഭിപ്രായത്തിലാണ് ഞാൻ നില്ക്കുന്നത്. സർ, ഈ നാട്ടിൽ മനുഷ്യന്റെ ദൈനംദിന കാര്യത്തിൽ ഒരു കടിഞ്ഞാണിട്ട് വരിഞ്ഞുകെട്ടുന്ന വിധത്തിൽ നിയമനിർമ്മാണം കൊണ്ടുവരിക എന്നുള്ളതു് വളരെ ഖേദകരമാണ്. ഈ ബില്ലിന്റെ ഓബ്ജക്ട്സ് ആൻഡ് റീസൺസിൽ പറഞ്ഞിട്ടുള്ള കാര്യം ഈ നാട്ടിൽ നല്ലയിനം പെടികളും പഴങ്ങളും എല്ലാം ഉണ്ടാക്കുവാനുള്ള സൗകര്യമുണ്ടാക്കുക എന്നുള്ളതാണ്. ഇന്നു കലർപ്പുള്ള അല്ലെങ്കിൽ മായം ചേർത്തിട്ടുള്ള പെടികളും ധാരാളം നാട്ടിലുണ്ട് ; അതുകൊണ്ട് ഉദ്പാദനത്തിന്റെ സ്റ്റാൻഡേർഡ് കുറവാണ്, കൂടുതൽ വിളവുണ്ടാക്കാൻ നമുക്കു സാധിക്കുന്നില്ല, അതു് തടയുവാനാണ് ഈ ബിൽകൊണ്ടുദ്ദേശിച്ചിട്ടുള്ളതെന്നാണ് ഓബ്ജക്റ്റ്സ് ആൻഡ് റീസൺസിൽ പറയുന്നതു് എന്നാൽ അനുഭവത്തിൽ റബ്ബർ മാത്രമാണ് നേഴ്സറിയിൽ പെടുന്നതെന്നു വിചാരിക്കരുതു്. റബ്ബറിനെ സംബന്ധിച്ചിടത്തോളം റബ്ബർബോർഡിനു് ചില നിയന്ത്രണങ്ങളെല്ലാമുണ്ട്. റബ്ബർബോർഡിന്റെ നിയന്ത്രണത്തിലാണ് പാകപ്പെടുത്തിയ വിത്തും പെടിയും വിതരണം ചെയ്യുന്നതു്. എന്നാൽ നാട്ടിൽ നല്ലയിനം സാധനങ്ങൾ വിതരണം ചെയ്യുന്നതിനു വാസ്തവത്തിൽ നല്ല നേഴ്സറീസ് ഉണ്ട്. നല്ല പ്രൈവറ്റു നേഴ്സറീസും ഉണ്ട്. പ്രൈവറ്റു നേഴ്സറിയിൽനിന്നു നല്ലയിനം തൈകൾ ആളുകൾക്കു് കൊടുത്തിട്ടില്ലെങ്കിൽ ആളുകൾ പിന്നെ ആ നേഴ്സറിയിൽ പോകുകയില്ല. ഒരു നേഴ്സറിയിൽനിന്നു മാവിൻതൈ വിതരണംചെയ്യുന്നു എന്നു വയ്ക്കുക. നല്ലയിനം മാവിൻതൈ

LIBRARY ARCHIVES Kerala Legislative Assembly

(ശ്രീ. കെ. മൊയ്തീൻകുട്ടിഹാജി)

അവിടെനിന്നും കിട്ടിയില്ലെങ്കിൽ പിന്നെ ആളുകൾ അവിടെ പോകുകയില്ല. നല്ലതായി ആരെങ്കിലും പ്രൈവറ്റ് നേഴ്സറി ഉണ്ടാക്കിയാൽ അതിന്റെ സുഗമമായ നടത്തിപ്പിനെ നിയമംമൂലം ഗവണ്മെന്റ് വരിഞ്ഞുകെട്ടുക എന്നുള്ളതു ശരിയല്ല. ഇന്ന് നമ്മുടെ നാട്ടിൽ പല രോഗങ്ങളിലും ബ്ലോക്കുകൾ വന്നിട്ടുണ്ട്. ചില ബ്ലോക്കുകളിൽനിന്ന് നല്ല വിത്തുകളും വളവും വിതരണംചെയ്തു നേഴ്സറികൾ ഉണ്ടാക്കുന്നതിന് പ്രോത്സാഹനം കൊടുക്കുന്നുണ്ട്. ആ നേഴ്സറികളിൽനിന്നു നല്ലയിനം വിത്തുകളും ചെടികളും ആളുകൾക്ക് കൊടുക്കുന്നുമുണ്ട്. അങ്ങനെ ബ്ലോക്കുകളിലുള്ള ആളുകൾക്ക് തെങ്ങിൻതൈ ആയാലും, മാവിൻതൈ ആയാലും, റബ്ബറിൻതൈ ആയാലും പ്രൈവറ്റ് നേഴ്സറികളിൽനിന്നു വിതരണംചെയ്തു വരുന്നുണ്ട്. എന്നിരിക്കെ ഇങ്ങനെ ഒരു ബില്ലിന്റെ ഉദ്ദേശം മനസ്സിലാവുന്നില്ല. അതുകൊണ്ട് ഈ ബില്ലിനെ എതിർക്കാതിരിക്കാൻ നിവൃത്തിയില്ല.

Mr. Chairman : Don't you understand the strict interpretation of the rules? You cannot oppose the Bill. The motion is that the Bill be referred to a Select Commitee.

Shri K. Moideenkutty Haji : I oppose that motion. ഈ ബിൽ സെലക്ട്കമ്മിറ്റിക്ക് പോകേണ്ട ആവശ്യമില്ല.

Mr. Chairman : You cannot oppose that motion. Can you oppose th's Bill, that is the question. You were opposing the Bill, which you cannot. If you had to oppose the Bill, you could have done it at the introductoy stage. The Bill has been introduced and no body opposed. Now it has to be referred to the Select Committee.

ശ്രീ. കെ. മൊയ്തീൻകുട്ടി ഹാജി : സെലക്ട്കമ്മിറ്റിക്ക് പോകേണ്ടയാതൊരാവശ്യവുമില്ല.

Mr. Chairman : No, that is not correct.

ശ്രീ. കെ. മൊയ്തീൻകുട്ടിഹാജി : സർ, നമ്മുടെ മുമ്പിൽ ഈ ബിൽ അവതരിപ്പിച്ചിരിക്കുകയാണ്. അതു സെലക്ട്കമ്മിറ്റിക്ക് പോകണമെന്ന ഒരു മോഷനും ബഹുഃമന്ത്രി അവതരിപ്പിച്ചിട്ടുണ്ട്. ഞാൻ പറയുന്നതു ഈ ബിൽതന്നെ പിൻവലിക്കണമെന്നാണ്.

ശ്രീ. കെ. മൊയ്തീൻകുട്ടിഹാജി : ബഹുഃമന്ത്രി ഈ ബിൽ അവതരിപ്പിച്ചതും, സെലക്ട്കമ്മിറ്റിക്ക് പോകണമെന്നു പറഞ്ഞതും ഒരൊറ്റ ശ്വാസത്തിലാണ്.

Mr. Chairman: He has moved a motion, which was seconded by the P. W. D. Minister that the bill be referred to a Select Committee.

ശ്രീ. കെ. മൊയ്തീൻകുട്ടിഹാജി: ഏതായിരുന്നാലും നമ്മുടെ അയൽ സംസ്ഥാനങ്ങളെ അപേക്ഷിച്ചു നോക്കുകയാണെങ്കിൽ ഇവിടെയാണ് ദ്രുതഗതിയിൽ ഇങ്ങനെയുള്ള ബിൽ കൊണ്ടുവന്നിട്ടുള്ളതു. മദിരാശി സംസ്ഥാനത്തു പ്രൈവറ്റ് നേഴ്സറികൾ ധാരാളമായി നടക്കുന്നുണ്ട്. മധുരയിലും മറ്റും നടക്കുന്ന പ്രൈവറ്റ് നേഴ്സറികൾ പോയി കണ്ടു പഠിക്കേണ്ടതാണ്. അതുപോലെ നമ്മുടെ നാട്ടിലും പ്രൈവറ്റ് നേഴ്സറികളെ കൂടുതലായി പ്രോത്സാഹിപ്പിക്കുന്നതിനുപകരം നിയമം മുഖേന അതിനെ വരിഞ്ഞുകെട്ടുന്നതു ശരിയല്ല. അതുകൊണ്ടാണ് ഇതാവശ്യമല്ലെന്നു പറയുന്നതു. ഇതു സെലക്ട്കമ്മിറ്റിക്ക് പോകണമെന്ന മോഷനെ ഞാൻ എതിർക്കുകയാണ്.

ശ്രീ. കെ. കെ. വിശ്വനാഥൻ : സർ, ഇതു സെലക്ട്കമ്മിറ്റിക്ക് അയക്കണമെന്ന അഭിപ്രായത്തോട് ഞാൻ യോജിക്കുന്നു. ഈ ബില്ലിന്റെ തത്വത്തോടതന്നെ യോജിക്കാത്ത ചില അഭിപ്രായപ്രകടനങ്ങളും ഇവിടെ ഉണ്ടായി. തത്വത്തോട് യോജിക്കാതിരിക്കുവാൻ ഒരു കാരണവും ഞാൻ

LIBRARY ARCHIVES Kerala Legislative Assembly

കാണുന്നില്ല. നല്ലയിനം കായ്കനികളും ഈ രാജ്യത്തുണ്ടാകണമെന്നും, ഈ രാജ്യത്തെ ജനങ്ങൾക്ക് നല്ലയിനം കായ്കനികളും അനുഭവിക്കാൻ ഇടവരണമെന്നും പറയുന്ന ഒരു തത്വത്തോട് എങ്ങനെ വിയോജിക്കുവാൻ സാധിക്കുമെന്ന എനിക്കുമനസ്സിലാകുന്നില്ല. സർ, ഈ രാജ്യത്തു് ഭക്ഷ്യസാധനങ്ങളിൽ മായം ചേർക്കുന്നതിനെ നാം ശക്തിയായി എതിർക്കുന്നുണ്ടു്. അങ്ങനെ മായം ചേർക്കുന്നതിനെ തടയുന്നതിനുള്ള നിയമനിർമ്മാണവും നാം നടത്തിയിട്ടുണ്ടു്. ഭക്ഷ്യസാധനങ്ങളിൽ മായം ചേർക്കരുതെന്നു പറയുന്നതു് അതു വിൽക്കുന്ന ആളുകളുടെമേൽ എന്തെങ്കിലും നിയന്ത്രണംകൊണ്ടുവരുവാൻ വേണ്ടിയല്ല, നേരേ മറിച്ചു നല്ല ഭക്ഷ്യസാധനങ്ങളും ഈ രാജ്യത്തെ ജനങ്ങൾക്കു കിട്ടണമെന്നുള്ള വിചാരംകൊണ്ടാണു്. അതെത്രത്തോളം ഫലപ്രദമായി നടപ്പിൽ വരുത്തുവാൻ കഴിയുമെന്നുള്ളതു് വേറെ പ്രശ്നമാണു്. പക്ഷേ ഒരു നിയമനിർമ്മാണത്തിന്റെ ഉദ്ദേശം നല്ല ഭക്ഷ്യസാധനങ്ങളും ജനങ്ങൾക്കു് കിട്ടണമെന്നുള്ളതാണു്. അതുപോലെതന്നെ ഈ രാജ്യത്തു് ഉല്പാദിപ്പിക്കുന്ന കായ്കനികളും നല്ലയിനം ആയിരിക്കണമെന്നു പറഞ്ഞാൽ അതു വില്ക്കുന്ന ആളുകളുടെമേൽ നിയന്ത്രണം ചെലുത്തുവാൻ വേണ്ടിയാണെന്നു പറയുന്നതു വാസ്തവത്തിൽ മനസ്സിലാക്കുവാൻ പ്രയാസമാണു്. ഈ രാജ്യത്തു് അവ ഉപയോഗിക്കുന്ന ആളുകളെ സംബന്ധിച്ചിടത്തോളം ഇതാവശ്യമാണു്. അതുകൊണ്ടാണു് ഞാൻ പറഞ്ഞതു് ഈ ബില്ലിന്റെ തത്വത്തോടു വിയോജിക്കുന്നുവെന്നു പറഞ്ഞതു് മനസിലാക്കുവാൻ വളരെ പ്രയാസമാണെന്നു്. സർ, ഇവിടെ കായ്കനികളും ഉല്പാദിപ്പിക്കപ്പെടുന്നതു് നല്ലയിനം ആയിരിക്കണമെന്നും അവ കൂടുതൽ ഉല്പാദിപ്പിക്കപ്പെടണമെന്നും ഉള്ള ഉദ്ദേശത്തോടുകൂടിയാണു് ഈ ബിൽ കൊണ്ടുവന്നിരിക്കുന്നതു്. നമുക്കു നോക്കാനുള്ളതു് ആ ഉദ്ദേശം ഫലപ്രദമായി നടപ്പിലാക്കുന്നതിനു് ഈ ബിൽ പര്യാപ്തമാണോ എന്നാണു്. എന്റെ അഭിപ്രായത്തിൽ ഈ ബില്ലിൽ ഇനിയും ചില മാറ്റങ്ങളും വരുത്തിയാൽ മാത്രമെ ആ ഉദ്ദേശങ്ങളും സാധിക്കുകയുള്ളു. ഇവിടെ പറഞ്ഞിരിക്കുന്നതു് പ്രൈവറ്റു നേഴ്സറീസ് നടത്തുന്ന ആളുകളും ലൈസൻസു് എടുക്കണമെന്നും ലൈസൻസിൽ ചില കണ്ടീഷൻസു് വയ്ക്കണമെന്നും ആ കണ്ടീഷനു വിരുദ്ധമായി പ്രവർത്തിക്കുന്നതായാൽ ലൈസൻസു് ക്യാൻസൽചെയ്യുമെന്നുമാണു്. പക്ഷേ, നല്ലയിനം കായ്കനികളും ഉണ്ടാക്കുന്ന ചെടികളും അതു് നല്ലയിനത്തിൽ പെട്ടതാണോ എന്നും, അതിൽ മായം ഉണ്ടോ എന്നും കണ്ടുപിടിക്കുവാനുള്ള വ്യവസ്ഥ എന്താണു്. അങ്ങനെ കണ്ടുപിടിച്ചുകഴിഞ്ഞാൽ ഇങ്ങനെയുള്ള പ്ലാൻറുകളും നട്ടുണ്ടാക്കുന്ന ആളുകളുടെ അല്ലെങ്കിൽ അതു വിതരണംചെയ്യുന്ന ആളുകളുടെ ലൈസൻസു് ക്യാൻസൽ ചെയ്യുന്നതിനപ്പുറമെ മറ്റു് ഏതെങ്കിലും നടപടിക്കുള്ള വ്യവസ്ഥ ഇതിൽ കാണുന്നില്ല. നേഴ്സറി നടത്തുന്ന ആൾ ഇൻസാൾവെൻറായി കഴിഞ്ഞാൽ ലൈസൻസു ക്യാൻസൽ ചെയ്യുമെന്നു പറയുന്നു. അങ്ങനെ ഒരു വ്യവസ്ഥ ഇതിലുണ്ടു്. അതുപോലെതന്നെ നേഴ്സറിയുടെ മേലുള്ള കൺട്രോൾ പോയിക്കഴിഞ്ഞാലും ലൈസൻസു് ക്യാൻസൽചെയ്യുമെന്നു പറയുന്നു. അതിന്റെ നടത്തിപ്പു് അയാളുടെ കയ്യിൽനിന്നു പോയാൽ ലൈസൻസു് ക്യാൻസൽ ചെയ്യുമെന്നു പറയുന്നു. നേഴ്സറിയിൽനിന്നു സപ്ലൈചെയ്യുന്ന സാധനങ്ങൾ സ്റ്റാൻഡേർഡു് ഉള്ളതല്ലെന്നു അറിഞ്ഞുകഴിഞ്ഞാൽ ലൈസൻസു് ക്യാൻസൽ ചെയ്യുമെന്നു പറയുന്നു. അങ്ങനെ ചില കാര്യങ്ങളിൽ മാത്രമാണു് ലൈസൻസു് ക്യാൻസൽ ചെയ്യുന്നതിനു വ്യവസ്ഥയുള്ളതു്. സർ, ഓരോ നേഴ്സറിയിലും നട്ടുവളർത്തുന്ന ചെടികൾ സ്റ്റാൻഡേർഡു് ഉള്ളതാണോ, നല്ലജാതിയിൽപ്പെട്ടതാണോ എന്നെല്ലാം പരിശോധിക്കുന്നതിനു് എന്തെങ്കിലും ഏർപ്പാടുകൾ കൊണ്ടുവരുവാൻ കഴിയുമോ എന്നാലോചിക്കണം. ഒരു മാവിൻതൈ ഉണ്ടാക്കിക്കഴിഞ്ഞാൽ അതു നല്ലജാതിയിൽപ്പെട്ടതാണോ അതു് രോഗബാധ ഇല്ലാത്തതാണോ, നല്ല ഇനത്തിൽപെട്ടതാണോ എന്നുള്ള കാര്യങ്ങളെല്ലാം പെട്ടെന്നു കണ്ടുപിടിക്കുക പ്രയാസമാണു്. അതു കണ്ടുപിടിക്കുവാനുള്ള മാർഗ്ഗങ്ങളെപ്പറ്റിക്കൂടി ആലോചിക്കണം. പലപ്പോഴും ഒരു മാവിൻതൈ വച്ചാൽ അതിന്റെ അനുഭവം കിട്ടുമ്പോഴായിരിക്കും അതു ഏതു തരത്തിലുള്ളതെന്നു മനസിലാകും. നേഴ്സറികളിൽ ചെടിയിൽ അതിന്റെ പേരെഴുതിവച്ചിരിക്കും. ഓരോന്നിന്റേയും ജാതിയുംപേരും വച്ചിരിക്കും. എഴുതി വച്ചിരിക്കുന്നതുതന്നെയാണോ ആ തൈ എന്നു കണ്ടുപിടിക്കുവാൻ നമുക്കെങ്ങനെ സാധിക്കും.

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. കെ. കെ. വിശ്വനാഥൻ]

ചില മാവിൻതൈയിൽ മൽഗോവാ അല്ലെങ്കിൽ സേലം എന്നു എഴുതിയിരിക്കും. അതു വാങ്ങിക്കൊണ്ടുപോയി വച്ചുകഴിഞ്ഞാൽ അതു വളർന്നുവരുമ്പോഴാണു്. അതു ഏതു ജാതിയിൽപ്പെട്ടതെന്നു മനസിലാകുന്നതു്. അതു ഗുണമുള്ളതാണോ അല്ലയോ എന്നു ആദ്യംതന്നെ കണ്ടുപിടിക്കുക പ്രയാസമാണു്. അതുകൊണ്ടു് ഞാൻ പറയുന്നതു് ഓരോ നേഴ്സറിയിൽനിന്നും വിതരണംചെയ്യുന്ന പ്ലാൻറിനെ സംബന്ധിച്ചിടത്തോളം അതു് എവിടെനിന്നുവാങ്ങി, എന്നു വാങ്ങി എന്നെല്ലാം അറിയാവുന്ന തരത്തിൽ എന്തെങ്കിലും ഏർപ്പാടുകൾ ഉണ്ടാകണമെന്നാണു്. രണ്ടോ മൂന്നോ കൊല്ലം കഴിഞ്ഞാലും അതു ഇന്നസ്ഥലത്തുനിന്നും വാങ്ങിയ തൈ ആണെന്നു മനസിലാക്കുവാനുള്ള വ്യവസ്ഥയുണ്ടാക്കണം. ആ തയ്യിൽനിന്നുണ്ടാകുന്ന അനുഭവം വ്യത്യസ്ത നിലയിലുള്ളതാണെങ്കിൽ അതു വില്പന നടത്തിയ ആളിൻെറ പേരിൽ എന്തെങ്കിലും നടപടിയെടുക്കാനുള്ള ഏർപ്പാടുണ്ടാകണം. അങ്ങനെ എന്തെങ്കിലും ഏർപ്പാടു് ചെയ്തില്ലാ എന്നുണ്ടെങ്കിൽ ഇതു ഫലപ്രദമായി നടത്തുവാൻ സാധിക്കുമെന്നു ഞാൻ വിശ്വസിക്കുന്നില്ല.

ശ്രീ. കെ. മൊയ്തീൻകുട്ടി ഹാജി: ഏത്തവാഴയുടെ തൈ ഉണ്ടു്. സാധാരണ അതു ഉണക്കിവച്ചുകൊണ്ടാണു് വിതരണം ചെയ്യുന്നതു്. ഉണങ്ങിയകന്നു് കുമിബാധിച്ചതാണോ, മറെറന്തെങ്കിലും സുഖക്കേടു ബാധിച്ചതാണോ എന്നു എങ്ങനെയാണു് കണ്ടുപിടിക്കുക. ഏതു മാസ്റ്റുമാണു് അതിനുണ്ടാക്കുക എന്നു പറയാമോ?

ശ്രീ. കെ. കെ. വിശ്വനാഥൻ: അതാണു് ഞാനും പറഞ്ഞതു്. അതിനെന്തെങ്കിലും ഒരു മാസ്റ്റ് ഉണ്ടാക്കണമെന്നാണു് പറഞ്ഞതു്. അതുകൊണ്ടാണു് അതെവിടെനിന്നു വാങ്ങി എന്നു കണ്ടുപിടിക്കുവാനുള്ള ഒരു സൗകര്യം ഉണ്ടാക്കണമെന്നു ഞാൻ പറഞ്ഞതു്. എവിടെനിന്നു വാങ്ങിയതാണെന്നു കണ്ടാൽ അതു തടയുന്നതിനു എന്തെങ്കിലും മാസ്റ്റ് നാം ഉണ്ടാക്കണം.

ശ്രീ. പി. അബ്ദുൽ മജീദു് : നേഴ്സറിയിൽ ഏതെല്ലാം ഫ്രൂട്ട് പ്ലാൻറാണു് ഗ്രാഫ്ട് ചെയ്തിട്ടുള്ളതു് എന്നതിനെ സംബന്ധിച്ചു് അറിയുന്നതിനു് ഒരു ഫ്രൂട്ട് സേറാക്കു രജിസ്റ്റർ വേണമെന്നുണ്ടല്ലോ. അതു ശരിയായി സൂക്ഷിക്കണമെന്നു പറഞ്ഞാൽപോരെ?

ശ്രീ. കെ. കെ. വിശ്വനാഥൻ: അതു പോരാ. കുറെക്കാലം കഴിഞ്ഞതിനുശേഷമേ, അനുഭവത്തിൽ വന്നതിനുശേഷമേ, അതിൻെറ തരവും ജാതിയും കണ്ടുപിടിക്കുവാൻ സാധിക്കയുള്ളു. അതുകൊണ്ടു രജിസ്റ്റർ സൂക്ഷിക്കുന്നതുകൊണ്ടുമാത്രം അതു കണ്ടുപിടിക്കുവാൻ ഒക്കുകയില്ല.

ശ്രീ. എൻ. എസ്സു്. കൃഷ്ണപിള്ള ; ചേനയിൽ നാട്ടുചേനയും കാട്ടുചേനയുമുണ്ടു്. കാട്ടുചേന നാട്ടുചേനയെപോലെതന്നെയിരിക്കും. വേവിച്ചാൽ നല്ല വണ്ണം വേകുകയും ചെയ്യും. കാട്ടുചേന തിന്നാൽ വായ് ചൊറിയും. ചേന വാങ്ങുമ്പോഴും അതു നാട്ടുചേനയോ കാട്ടുചേനയോ എന്നു് എങ്ങനെ അറിയുവാൻ കഴിയും ?

ശ്രീ. കെ. കെ. വിശ്വനാഥൻ : ഞാനും പറഞ്ഞതു് അതുതന്നെയാണു്. വാങ്ങുന്ന തയ്യിൽ എന്തെങ്കിലും മോശമുണ്ടെന്നു തോന്നിയാൽ അതു കണ്ടുപിടിക്കുന്നതിനു ഒരേർപ്പാടു വേണമെന്നാണു് ഞാൻ പറഞ്ഞതു്. അങ്ങനെ എന്തെങ്കിലും ഒരു വ്യവസ്ഥ സെലക്ഷൻ കമ്മിറ്റി ഈ ബില്ലിൽ ചേർക്കുന്നതു നന്നായിരിക്കും. ഈ രാജ്യത്തു് കായ്കനികളുടെ വർദ്ധിപ്പിക്കുന്നതിനും, അതു നല്ലയിനമാക്കിതീർക്കുന്നതിനും സഹായകരമായ ഒരു ബില്ലാണു് ഇതെന്നുള്ളതിൽ സംശയമില്ല. നമ്മുടെ രാജ്യത്തും മറു പലസ്ഥലങ്ങളിലും ഉല്പാദനം വർദ്ധിപ്പിക്കണമെന്നും അതു നല്ലയിനത്തിൽ ഉള്ളതായിരിക്കണമെന്നും ഉള്ള ആശയത്തോടു എല്ലാവരും യോജിക്കും.

LIBRARY ARCHIVES Kerala Legislative Assembly

നമ്മുടെ മുദ്രാവാക്യംതന്നെ ഉൽപ്പാദനം വർദ്ധിപ്പിക്കണമെന്നുള്ളതാണു്. പക്ഷെ, അതു് നല്ലയിനത്തിലായിരിക്കണമെന്നുള്ളതിൽ യാതൊരു സംശയവുമില്ല. പല രാജ്യങ്ങളിലും ചെയ്യുന്നതുപോലെ കായ്കനികളുടെ ഗുണത്തെ സംബന്ധിച്ചിടത്തോളം പരിശോധന നടത്തണം. കൂടുതൽ കൂടുതൽ ഗുണം ഉണ്ടാകുന്നതിനു് ചില കാര്യങ്ങളും ചില രാജ്യങ്ങളിൽ ചെയ്യുന്നുണ്ടു്. അതുപോലെ നമ്മുടെ നാട്ടിലും നടത്തുന്നതിനുള്ള ഏർപ്പാടുകളെ ആരും എതിർക്കുമെന്നാണു് എനിക്കു് പറയാനുള്ളതു്. ഞാൻ ഈ ബില്ലിനെ അനുകൂലിക്കുകയും സെലക്ടുകമ്മിറ്റിക്കു് അയക്കണമെന്നുള്ള പ്രമേയത്തെ പിൻതാങ്ങുകയും ചെയ്യുന്നു.

ശ്രീ. പി. നാരായണൻ തമ്പി : ഒട്ടും ആവശ്യമില്ലാതെ വെറുതെ സമയം കളയുന്ന ഒരു ബില്ലായിട്ടാണു ഞാൻ ഇതിനെ കരുതുന്നതു്. ഞാനുംകൂടി സംസാരിച്ചാൽ കൂടുതൽ സമയം പോകുമെന്നറിയാമെങ്കിലും സ്വൽപം പറയാതിരിക്കാൻ നിവൃത്തിയില്ല. ഇതു് പ്രായോഗികമാക്കാവുന്ന ഒരു നിയമമല്ല. നിയമപുസ്തകത്തിൽ എഴുതിവച്ചതുകൊണ്ടു് കാര്യം നടക്കാൻപോകുന്നില്ല. നല്ല തൈകളും കൊടുത്തില്ലെങ്കിൽ ആ നഴ്സറി നടക്കുകയില്ല. അതുകൊണ്ടു് നഴ്സറി ശരിയായി നടക്കണമെന്നാഗ്രഹിക്കുന്നവർ നല്ല തൈകളും കൊടുക്കാൻ നോക്കും. പിന്നെ ഗവണ്മെൻറു് ബ്ലാക്കുമുഖേന ഈ കാര്യത്തിൽ ചെയ്യാവുന്നതെല്ലാം ചെയ്യണം. നമ്മുടെ സംസ്ഥാനത്തു് ഏതാണ്ടു് മൂന്നുതരത്തിലുള്ള ഭൂപ്രകൃതിയാണുള്ളതു്. ആ ഓരോ ഭൂപ്രകൃതിയിലും ഉള്ള തൈകളും ആമാതിരി സ്ഥലങ്ങളിലെ ശരിയായി പിടിക്കുകയുള്ളൂ. മുമ്പു് തിരുവിതാംകൂർ സംസ്ഥാനം നിലവിലുണ്ടായിരുന്നപ്പോൾ കന്യാകുമാരിയിലുള്ള ഫാംഗുട്ടഫാമിൽ നിന്നു് ആളുകൾ തൈകളും വാങ്ങി ഈ ഭാഗത്തൊക്കെ വയ്ക്കാറുണ്ടായിരുന്നു. അതു് കൂടുതൽ മണലുള്ളസ്ഥലത്തെ നന്നായി വളരുകയുള്ളൂ. ഇവിടത്തന്നെ, ശംഖുംമുഖംഭാഗത്തു് അതു ഭംഗിയായി ഉണ്ടാകും. ചെമ്മണ്ണുള്ള സ്ഥലത്തു് ഉണ്ടാവുകയില്ല. അങ്ങനെ ഭൂപ്രകൃതി ഇതിൽ പ്രധാനപങ്കു വഹിക്കുന്നുണ്ടു്. ഗവണ്മെൻറു് ഫാംഗുട്ടഫാം ഉണ്ടാക്കാനുള്ള പദ്ധതിയിട്ടുകൊണ്ടു് ഈ ബിൽ പിൻവലിക്കണമെന്നാണു എന്റെ അഭിപ്രായം. വാഴക്കന്നുകൾക്കുള്ള സുഖക്കേടു് കണ്ടുപിടിക്കാൻ സാധിക്കുകയില്ല, അഗ്രിക്കൾച്ചറൽ ഡിപ്പാർട്ടുമെൻറുദ്യോഗസ്ഥന്മാർതന്നെ പറയുന്നതു്, നട്ടുനോക്കി വളർന്നുവരുമ്പോഴും, സുഖക്കേടു് കാണുകയാണെങ്കിൽ ചീത്തയാണെന്നു തീരുമാനിക്കാമെന്നാണു്.

ശ്രീ. ഈ. പി. പൗലോസു് : ഒരു രണ്ടുലക്ഷം വാഴവിത്തു് വിതരണം ചെയ്തു. അതു് രോഗമില്ലാത്ത പ്രദേശത്തുനിന്നു ശേഖരിച്ചതായിരുന്നു, അതിലൊരു രണ്ടുശതമാനത്തിനു സുഖക്കേടു വന്നേക്കാം. അതു പറിച്ചുമാറ്റുകയേ വഴിയുള്ളൂ.

ശ്രീ. പി. നാരായണൻ തമ്പി : ഈ നിയമപ്രകാരമുള്ള കുറഞ്ഞതും കാഗ്നിസബിൾ ആയിരിക്കുകയാണു്. ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞപ്രകാരമാണെങ്കിൽ, രണ്ടു ശതമാനം ചീത്തയായാൽ ശിക്ഷയ്ക്കു അർഹരാകും. ഒരു ലക്ഷം കന്നുകൾ കൊടുത്തിട്ടു് ഒരു കന്നിനു സുഖക്കേടു വന്നുള്ള എൻപറഞ്ഞു രക്ഷപ്പെടാൻ സാധിക്കുകയില്ല. ഒന്നിനു സുഖക്കേടുണ്ടെങ്കിലും ശിക്ഷ അനുഭവിക്കേണ്ടിവരും. ആ നിലയിൽ ഇതു് പ്രായോഗികമായ നിയമമല്ല. ഇതു് സെലക്ടുകമ്മിറ്റിക്കു് വിട്ട സമയം കളയാതെ ബഹുമാനപ്പെട്ട മന്ത്രി ഡിപ്പാർട്ടുമെൻറിനു് വേണ്ട നിർദ്ദേശം കൊടുത്തു് ഈ ബില്ലിന്റെ ഉദ്ദേശം പ്രായോഗികമാക്കണമെന്നുള്ള അഭിപ്രായത്തോടുകൂടി ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. എൻ. ഈ. ബലറാം : ഈ ബില്ലിന്റെ ഉദ്ദേശത്തോടു ഞാൻ യോജിക്കുന്നു. പൂർണ്ണമായി ഈ ബിൽ ഉപേക്ഷിക്കണമെന്നുള്ള അഭിപ്രായം എനിക്കില്ല. എന്നുവച്ചു് ശ്രീ. വിശ്വനാഥൻ പറഞ്ഞിടത്തോളം പോകണമെന്നും എനിക്കഭിപ്രായമില്ല. ചില പരിമിതമായ നിയന്ത്രണങ്ങൾ ഏർപ്പെടുത്തണമെന്നുള്ള നിലയിൽ ഇത്തരം ബില്ലിനെ അനുകൂലിക്കുകയാണു്. നമ്മുടെ നാട്ടിൽ നല്ലതരം കായ്കനികൾ ഉണ്ടാകാൻ ആവശ്യമായ നല്ല ചെടികളും തൈകളും

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. എൻ. ഇ. ബലറാം]

വിത്തുകളും കൊടുക്കാൻ ഗവണ്മെൻറിനു് ഇന്നത്തെ നിലയിൽ കഴിയുമെന്നു് എനിക്കു വിശ്വാസമില്ല. ഗവണ്മെൻറു് ഈ വഴിക്കു് കുറെ പരിശ്രമം നടത്തുന്നുണ്ടു്. കൃഷിഡിപ്പാർട്ടുമെൻറിൻെറ കീഴിലുള്ള പല നഴ്സറികളും നല്ലതരം ചെടികളും വിത്തുകളും വിതരണംചെയ്യുന്നുണ്ടു്. വയനാട്ടിലുള്ള അമ്പലവയൽ കൃഷിഫാമിൽ ഞാനും മറ്റുചില മെംബറന്മാരുംകൂടി പോയപ്പോഴും അവിടെ നല്ലതരം വിത്തുകളും തൈകളും കാണുകയുണ്ടായി. പക്ഷേ, അങ്ങനെയുള്ള ചുരുക്കം നഴ്സറികൊണ്ടു് നമ്മുടെ രാജ്യത്തെ കൃഷിക്കു് മുഴുവൻ ആവശ്യമുള്ള തൈകളും കിട്ടുമെന്നു വിചാരിക്കാൻ സാദ്ധ്യമല്ല. കുറെ പ്രൈവറ്റു് നഴ്സറികളും നമ്മുടെ രാജ്യത്തു് നല്ല നിലയിൽ പ്രവർത്തിച്ചാൽമാത്രമെ ഈ കാര്യം സാധിക്കുകയുള്ളു.

ശ്രീ. കെ. മൊയ്തീൻകുട്ടി ഹാജി : അമ്പലവയൽ ഫാമിൽ നിന്നു വിത്തും മറ്റും വാങ്ങിക്കൊണ്ടുപോയി തീരപ്രദേശങ്ങളിൽ നട്ടാൽ അതു മുളയ്ക്കുകപോലുമില്ല. അതേ കാലാവസ്ഥയുള്ള പ്രദേശങ്ങളിലെ വിത്തുകളും വളരുകയുള്ളു എന്നറിയാമോ ?

ശ്രീ. എൻ. ഇ. ബലറാം : എന്തിനാണു് ഇതു ചോദിച്ചതെന്നു് എനിക്കറിഞ്ഞുകൂടാ. ഇന്നയിന്നതരം സ്ഥലത്തേ പറ്റുകയുള്ളു എന്നുപറഞ്ഞാണു് അവർ വിത്തുകളും കൃഷിക്കാർക്കു കൊടുക്കുന്നതു്. അതുകൊണ്ടു് കുഴപ്പമൊന്നും വരികയില്ല. പ്രൈവറ്റു് നഴ്സറികളും നമ്മുടെ സംസ്ഥാനത്തു് പല സ്ഥലങ്ങളിലും ഉണ്ടു്. അവയെപ്പറ്റി ആക്ഷേപങ്ങളും ഉണ്ടു്. ഗവണ്മെൻറു് നഴ്സറികളെപ്പറ്റി ആക്ഷേപം ഒട്ടുമില്ലെന്നല്ല ഞാൻ പറയുന്നതു്. ഗവണ്മെൻറു് നഴ്സറികളിൽ നല്ലതരം വിത്തുകളാണോ കൊടുക്കുന്നതു് എന്നു പരിശോധിക്കാൻ ചില ഏർപ്പാടുകളും ഉണ്ടു്. ഇന്നു് പ്രൈവറ്റു് നഴ്സറിയിൽപോയി നല്ലയിനം വിത്തുകളും ചെടികളുമാണോ വിതരണംചെയ്യുന്നതു എന്നു പരിശോധിക്കാൻ ഗവണ്മെൻറിനധികാരമില്ല. അതുകൊണ്ടു് പരിമിതമായ അധികാരത്തോടുകൂടിയ ഇത്തരം ഒരു ബിൽ കൊണ്ടുവരുന്നതിനെ ഞാൻ അനുകൂലിക്കുകയാണു്. അതു പറയുമ്പോഴും, ഒരു ഭയമുണ്ടു്. ഇന്നത്തെ കൃഷിഡിപ്പാർട്ടുമെൻറിൻെറ എല്ലാ സംവിധാനങ്ങളും മനസ്സിൽവച്ചുകൊണ്ടുവേണം ഇങ്ങനെയൊരു ബിൽ പാസാക്കിയാൽ അതു ഗുണംചെയ്യുമോ, ദോഷംചെയ്യുമോ എന്നു നോക്കേണ്ടതുണ്ടു്. നല്ലഇനം വിത്തു് തിരഞ്ഞെടുക്കുന്നകാര്യത്തിലും നല്ല ചെടികളും തൈകളും കണ്ടുപിടിക്കുന്നകാര്യത്തിലുമുള്ള ഡിപ്പാർട്ടുമെൻറിൻെറ ഗവേഷണവും പരിശ്രമവും വളരെ താണനിലയിലാണെന്നുപറയാൻ എനിക്കു ഖേദമുണ്ടു്. നമ്മുടെ കൃഷിഡിപ്പാർട്ടുമെൻറു് അതിനു പര്യാപ്തമായവിധത്തിൽ പുനഃസംഘടിക്കപ്പെട്ടിട്ടില്ല. ഒരു ഉദാഹരണം പറയാം. നമ്മുടെ ചെടികളെ ബാധിക്കുന്ന പലതരം രോഗങ്ങളും ഈ സംസ്ഥാനത്തുണ്ടു്. ഈ രോഗങ്ങളുടെ ഫലമായി തെങ്ങു്, കമുകു് തുടങ്ങിയ മരങ്ങളും ചെടികളും സാംക്രമിക രോഗങ്ങളും പിടിപെടുന്നുണ്ടു്. ഇതുസംബന്ധിച്ചു് ചില ഗവേഷണങ്ങളും നടക്കുന്നുമുണ്ടു്. ഇവിടത്തെ അഗ്രിക്കൾച്ചറൽ കാളേജിൽ പോയപ്പോഴും എനിക്കു് വ്യസനമുണ്ടായി. കാരണം ഞാൻ കോയമ്പത്തൂർ കാളേജിലും പോയി എല്ലാം കണ്ടിട്ടുണ്ടു്. ഇവിടെ ഉണ്ടാകുന്ന രോഗങ്ങൾക്കു കാരണം വൈറസു് അഥവാക്കു" ആണെന്നാണു് കൃഷിഡിപ്പാർട്ടുമെൻറു പറയുന്നതു്. വൈറോളജി എന്നൊരു ശാസ്ത്രശാഖതന്നെ ഇപ്പോഴുണ്ടു്. നമ്മുടെ കാളേജിൽ അതു വളരെ പരിമിതമായ തോതിലേ ആരംഭിച്ചിട്ടുള്ളു. ഇന്നു് ഇവിടെയുള്ള രോഗങ്ങൾ നോക്കുമ്പോഴും അതിനു പരിഹാരം കാണത്തക്കവിധത്തിൽ ഇവിടെയൊന്നും നടക്കുന്നില്ല. നമ്മുടെ കൃഷിഡിപ്പാർട്ടുമെൻറിൽതന്നെ നല്ല ചെടികളും വിത്തുകളും തെരഞ്ഞെടുക്കാൻ പര്യാപ്തമായ ഏർപ്പാടില്ലെങ്കിൽ പിന്നെ എങ്ങനെയാണു് നല്ല കായ്കനികളും ഉണ്ടാക്കുക ? അതിനാവശ്യമായ തരത്തിൽ നമ്മുടെ കൃഷി ഡിപ്പാർട്ടുമെൻറു് പുനഃസംഘടിപ്പിച്ചാൽ തരക്കേടില്ലായിരുന്നു. നേരത്തെ ശ്രീ. ബാലചന്ദ്രമേനോൻ പറഞ്ഞതുപോലെ മിലയാളകൾക്കു് ലൈസൻസു് കൊടുക്കും. അവർ വിതരണംചെയ്യുന്നതെല്ലാം

LIBRARY ARCHIVES Kerala Legislative Assembly

നല്ലതാണോ എന്നു ചോദിച്ചാൽ, ലൈസൻസ് കിട്ടിയിട്ടുള്ളതുകൊണ്ട് നല്ലതാകാതെപോകുന്നില്ല. മായംചേർക്കലിൽ നാം അങ്ങേയറ്റം പ്രശസ്തി സമ്പാദിച്ചിട്ടുണ്ട്. അങ്ങനെയുള്ള മായംചേർപ്പുകാരെ ഉണ്ടോയെന്നു പരിശോധിക്കാൻ ചില ഏർപ്പാടുകളും ഉണ്ടാകണം. ഇൻസെക്റ്റ് ബാധകളിൽനിന്നും നിവാരണം ഉണ്ടാക്കുകയുംവേണം. കീടബാധയുണ്ടാകാത്ത മേഖലകളും സൃഷ്ടിക്കണം. ഇവിടെ പെസ്റ്റ് സ് ഡിസീസ് കൂടിക്കൂടി വരികയാണ്. ഈ നിയമം നോക്കുമ്പോൾ ഇതു പെട്ടെന്നു നടപ്പിലാക്കാൻ സാധിക്കുമോയെന്നു സംശയം തോന്നുന്നുണ്ട്. ശ്രീ. തമ്പി സൂചിപ്പിച്ചതുപോലെ വലിയ ശിക്ഷയാണു എഴുതി ചേർത്തിട്ടുള്ളതു്. ലൈസൻസ് സസ്പെൻഡുചെയ്യാനുള്ള അധികാരം കുറെയൊക്കെ ഉദ്യോഗസ്ഥന്മാർക്കു വിട്ടുകൊടുത്തിരിക്കുകയാണു്. ഇങ്ങനെയുള്ള അധികാരം കൊടുത്തിട്ടുള്ളതുകൊണ്ട് ശ്രീ. വിശ്വനാഥൻ പറഞ്ഞതുപോലെ വാങ്ങുന്ന ആളുകൾ ഇന്നസ്ഥലത്തുനിന്നു വാങ്ങിയെന്നുള്ളതിനു രേഖ സൃഷ്ടിക്കണം, കൊടുത്തവരും അതുപോലെ രേഖ സൃഷ്ടിക്കണം. ഇങ്ങനെയൊക്കെ ആയാൽ കൃഷി നടത്താൻകഴിയുമോ എന്നതാണു ആലോചിക്കണം. ഇത്രത്തോളം കർശനമായ നിയന്ത്രണം ഏർപ്പെടുത്താനുള്ള സാദ്ധ്യത നമുക്കില്ല. അത്രത്തോളം സന്നദ്ധത നമ്മുടെ കൃഷിഡിപ്പാർട്ടുമെന്റിനില്ല. ഒട്ടുമാവു തൈകളെപ്പറ്റി വളരെയധികം ആക്ഷേപം കേട്ടിട്ടുണ്ട്. നല്ലതാണെന്നുപറഞ്ഞു പ്രൈവറ്റ് നഴ്സറികളിൽനിന്നു വാങ്ങുന്ന തൈകളും വളരെ മോശമാകുന്നതായി ആക്ഷേപമുണ്ട്. അതു പരിശോധിക്കാനുള്ള ഏർപ്പാടുണ്ടാകണം. പക്ഷേ, ഇന്നത്തെ ആകെയുള്ള നമ്മുടെ നില നോക്കുമ്പോൾ എത്രമാത്രം ഇതിന്മേൽ നിയന്ത്രണം ചെലുത്താൻസാധിക്കുമെന്നും, ചെലുത്തുന്ന നിയന്ത്രണം പരിശോധിച്ചു് ഉപയോഗപ്രദമാക്കാനുള്ള കൃഷിഡിപ്പാർട്ടുമെന്റിന്റെ സന്നദ്ധത മതിയൊ എന്നുമെല്ലാം നോക്കി ആവശ്യമുള്ള നിയന്ത്രണം ചുരുങ്ങിയതക്ക ഒരു ബിൽ കൊണ്ടുവരണമെന്നുള്ള അർത്ഥത്തിൽ ഞാൻ ഈ ബില്ലിനെ അനുക്കുലിക്കുന്നു.

ശ്രീ. കെ. വി. നാരായണൻ : ഈ ബില്ലിനെ ഞാൻ സ്വാഗതം ചെയ്യുകയാണു്. പ്രൈവറ്റ് നഴ്സറികളിൽ ഉണ്ടാവുന്ന എല്ലാ തകരാറുകളും ഈ നിയമം മൂലം ഇല്ലാതാക്കാൻ സാധിക്കുമെന്നുള്ള പ്രതീക്ഷകൊണ്ടല്ല ഞാൻ ബില്ലിനെ സ്വാഗതംചെയ്യുന്നതു്. ഇന്നുള്ള ഭയങ്കരത്തട്ടു് കുറച്ചെങ്കിലും ആശ്വാസം ലഭിക്കുമല്ലോ എന്നു കരുതിയാണു്. കൃഷിക്കാരുടെ അനുഭവത്തിൽക്കൂടെത്തന്നെ പറയുകയാണെങ്കിൽ പലതരം മാവിൻതൈ വച്ചുപിടിപ്പിച്ചാലും ചിലപ്പോൾ ഉണ്ടാകുന്നതു് എല്ലാം ഒരേതരം മാങ്ങയായിരിക്കും. ഓരോ തൈയിലും ഓരോ പേരുകൾ എഴുതി കെട്ടിത്തൂക്കുന്നു എന്നല്ലാതെ പലതരം മാതൃവൃക്ഷങ്ങളിൽനിന്നും ഉള്ള തൈകളാവണമെന്നില്ല. നല്ലതരം തൈകൾ കിട്ടിയാൽ കൃഷിക്കാർക്കു് വളരെ സഹായകരമായിരിക്കും. റബ്ബർ ബഡ് ചെയ്യുന്ന കാര്യത്തിലും നല്ലയിനം ബഡ്വുഡ് അല്ലാത്തതുകൊണ്ടും അതു ചെയ്യുന്നതു് അതിനു വൈദഗ്ദ്ധ്യം സമ്പാദിച്ചവരല്ലാത്തതുകൊണ്ടു് പലപ്പോഴും നല്ല തൈകൾ കിട്ടുകയില്ല. അതുപോലെ മാവിലും മറ്റും ഗ്രാഫറ്റ് നടത്തുന്നവർ വിദഗ്ദ്ധന്മാർ അല്ലാത്തതുകൊണ്ടു് ഗ്രാഫ്ടിങ്ങ് ശരിയാകാത്തതിനാൽ തൈകൾ ഉണങ്ങിപ്പോകുന്നുണ്ട്. ഗ്രാഫ്റ്റു ചെയ്യുന്നതു് നല്ല മാതൃവൃക്ഷത്തിൽ നിന്നല്ലാത്തതുകൊണ്ടും തൈകൾ മോശമാകുന്നുണ്ട്.

ഗവണ്മെന്റു വകയായിട്ടുള്ള നഴ്സറികളിൽതന്നെയും വിദഗ്ദ്ധന്മാർ ഈ വിത്തുകളും തൈകളും തയാറാക്കുന്നതിൽ ശരിയായി ശ്രദ്ധിക്കുന്നില്ല. അതു ശരിയായ രീതിയിൽ വിദഗ്ദ്ധന്മാർ ചെയ്യാൻ ശ്രമിക്കണം. ഇന്നു നമ്മുടെ നഴ്സറികളിൽ എല്ലാംതന്നെ വളരെ അശ്രദ്ധ കാണുന്നുണ്ട്. ഗവണ്മെന്റു നഴ്സറികളിൽനിന്നുതന്നെ കൂടുതൽ തൈകളും വിത്തുകളും വിതരണം ചെയ്യുന്നതു നന്നായിരിക്കും. അവിടെയും അനാസ്ഥ ധാരാളം കാണുന്നുണ്ട്. പലപ്പോഴും മണ്ണൊത്തിരോഗത്തുള്ള ഗവണ്മെൻറുവക നഴ്സറിയിൽ നിന്നും കൃഷിക്കാർ ആവശ്യപ്പെടുന്ന നല്ലയിനം തൈകളും അവർക്കു കൊടുക്കാതെ ഉദ്യോഗസ്ഥന്മാർക്കും മറ്റും റിസർവ്വ് ചെയ്തിട്ട

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. കെ. വി. നാരായണൻ]

കൃഷിക്കാർക്ക് കൊടുക്കാത്ത അനുഭവങ്ങൾ എനിക്കുണ്ടായിട്ടുണ്ട്. അതുകൊണ്ട് നമ്മുടെ ഗവണ്മെൻറുവക നഴ്സറികളിൽ നല്ലതരം വിത്തുകളും തൈകളും ഉണ്ടാക്കാൻ കൂടി ശ്രമിക്കണം. പ്രൈവറ്റു നഴ്സറികളും നല്ലനിലയിൽ നടത്തുന്നതിനു വിഘാതമുണ്ടാക്കാതെയിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കണം.

ശ്രീ. ഈ. പി. ഗോപാലൻ : സർ, ഈ കേരളാ ഫ്രൂട്ട് നഴ്സറീസ് ബിൽ സെലക്ട് കമ്മറ്റിക്കയക്കണമെന്ന ഉപക്ഷേപത്തെ ഞാൻ പിൻതാങ്ങുകയാണ്. സെലക്ട് കമ്മറ്റി ഈ ബില്ലിനെപ്പറ്റി കാര്യമായി ആലോചിക്കേണ്ടതുണ്ട്. അതു ഒരു സമയനഷ്ടമാകുകയില്ലാ എന്നാണെൻറെ അഭിപ്രായം. ഫ്രൂട്ടുപ്പ്ലാൻറ് എന്നുള്ളതിൻറെ ഡെഫനിഷനിൽ വെജിറ്റബിൾ, പുഷ്പങ്ങൾ ഒക്കെ വരുന്നതിൻറെ കൂട്ടത്തിൽ എനിക്കു വ്യക്തമായി അർത്ഥം മനസ്സിലാകാത്ത ചിലതെല്ലാമുണ്ട്. ബഡ്സ്, റബ്ബർബഡ്സ് എന്നൊക്കെ പറയുന്നതു എന്താണു് എന്നറിഞ്ഞുകൂടാ. നല്ല കായ്കനികളും, നല്ല ഫലവൃക്ഷങ്ങളും, നല്ല പുഷ്പങ്ങളും ഇവയൊക്കെ നാട്ടിൽ സമൃദ്ധിയായി ഉണ്ടാകുന്നതിനുവേണ്ടി എടുക്കുന്ന ഏതു നടപടിയും സ്വീകാര്യമാക്കേണ്ടതാണു്. അക്കാര്യത്തിൽ പ്രധാനമായിട്ടുള്ള ചുമതല ഗവണ്മെൻറിനുതന്നെയാണു്. അതു വിട്ടിട്ടു്, സ്വകാര്യ നഴ്സറികളുടെ മേൽ ചില കൺട്രോളും ഏർപ്പെടുത്തുന്നതിനാണു പ്രധാനമായും ഈ ബില്ലുകൊണ്ടുദ്ദേശിച്ചിട്ടുള്ളതു്. അപ്പോൾ ഗവണ്മെൻറും അതിലേക്കു എന്തൊക്കെയാണു ചെയ്യേണ്ടതു് എന്നാലോചിക്കേണ്ടതാണു്. അതുകൊണ്ടാണു് സർ, ഇതു ഒരു സമയനഷ്ടമായി തീരുകയില്ല എന്നു ഞാൻ പറഞ്ഞതു്. പ്രൈവറ്റു നഴ്സറികളുടെ കാര്യത്തിൽ ചില നിയന്ത്രണങ്ങളും ആവശ്യമാണു് എന്നുള്ള പക്ഷക്കാരനാണു ഞാൻ. പക്ഷെ, അവരെ നിയന്ത്രിക്കാൻ പോകുന്നവർക്കു എത്ര കഴിവുണ്ടെന്നുള്ളതാണു പ്രധാനമായ കാര്യം. ഗവണ്മെൻറിൻെറ ബാദ്ധ്യത നിറവേറ്റാതെ സ്വകാര്യ നഴ്സറികളെ നിയന്ത്രിക്കാൻ നിന്നതുകൊണ്ടു് വലിയ കാര്യമില്ല എന്നെനിക്കു തോന്നുന്നു.

സർ, രണ്ടു പ്രശ്നങ്ങളും ഉണ്ടു്. ഒന്നു് പ്ലാൻറു പ്രൊട്ടക്ഷൻ, രണ്ടു പുതിയതരം ഇനങ്ങളും കണ്ടെത്തൽ. രണ്ടിനും റിസർച്ചു് ആവശ്യമാണു്. ഈ രണ്ടു സംഗതികളിലും വേണ്ടത്ര പുരോഗതി കൈവന്നിട്ടില്ല. നമ്മുടെ കൃഷിഡിപ്പാർട്ടുമെൻറിനെക്കുറിച്ചാണെങ്കിൽ, റിസർച്ചിൻെറ കാര്യം പറുങ്ങലിലാണു്. അതു അങ്ങിനെ വരാനെ വഴിയുള്ളൂ. പഞ്ചാംഗം നോക്കി പ്രമോഷൻ കൊടുക്കയും കൊടുക്കുകയും ചെയ്യുന്ന രീതി തുടർന്നുപോരുന്ന ഒരു ഡിപ്പാർട്ടുമെൻറിൽ ഇനീഷിയേറ്റീവും വ്യക്തിഗതമായ മുൻകയ്യും പ്രതീക്ഷിക്കാൻ വയ്യ. കേരളം ഒന്നായതിനുശേഷം മാത്രമാണു് നമ്മുടെ കൃഷിഡിപ്പാർട്ടുമെൻറിനു് അതിൻെറ ക്രഡിറ്റിൽ ഏതെങ്കിലും ചില പുതിയ റിസർച്ചു് നേട്ടങ്ങൾ എഴുതിച്ചേർക്കാൻ കഴിഞ്ഞിട്ടുള്ളതു്. മദ്രാസിൻെറ ഭാഗമായി മലബാർ നിലകൊണ്ടിരുന്ന കാലത്തു ആഗ്രിക്കൾച്ചർ രംഗത്തു റിസർച്ചിനുള്ള ഒരു ശ്രമം ആ ഭാഗത്തു് നടത്തിയിരുന്നു. എന്നാൽ കേരളസംസ്ഥാനം ആവിർഭവിച്ചതിനു ശേഷം സ്റ്റെഡിയായി ഇതു് പുരോഗമിച്ചിട്ടില്ല എന്നു് കാണുവാൻ കഴിയും. റിസർച്ചിൻെറ ഫലമായി മാത്രമേ ഈ രംഗത്തു പുരോഗതി കൈവരുത്താൻ കഴിയുകയുള്ളൂ എന്നു വ്യക്തമാണു്. പഴവർഗ്ഗങ്ങളുടേയും പുഷ്പങ്ങളുടേയും മൌലികമായ അഭിവൃദ്ധി റിസർച്ചിനെ ആശ്രയിച്ചാണിരിക്കുന്നതു്.

ഇപ്പോൾ പട്ടാമ്പി ഗവേഷണകേന്ദ്രത്തിൽ മാവു്, പ്ലാവു് തുടങ്ങി തൈകളും ഉണ്ടാക്കി വിതരണം ചെയ്യുന്നുണ്ടു്. നല്ല തൈകളാണവ എന്നു് പരക്കെ അംഗീകരിക്കപ്പെട്ടിരിക്കുന്നു. ജനങ്ങൾക്കതിൽ വിശ്വാസമുണ്ടു്. എന്നാൽ, ഈ രംഗത്തു് കൂടുതൽ പരീക്ഷണം നടത്താനും പുതിയ ജനസ്സു തൈകളും ഉണ്ടാക്കാനും ഫലപ്രദമായ ശ്രമങ്ങളും നടത്തിക്കാണുന്നില്ല. അതുപോലെ പ്ലാൻറു പ്രൊഡക്ഷൻ കാര്യത്തിലും അഭിവൃദ്ധി കാണുന്നില്ല. യഥാർത്ഥത്തിൽ ഈ കാര്യം സീരിയസ്സായി പരിഗണിക്കേണ്ടതാണു്. ഗവണ്മെൻറിൻെറ ആഭിമുഖ്യത്തിൽതന്നെ പുതിയ തരത്തിലുള്ള വിത്തുകളും കണ്ടുപിടിക്കുകയും അവയ്ക്കു വന്നുകൂടുന്ന രോഗങ്ങളും തടയാനുള്ള വഴികളും കാണുകയും ചെയ്യണം.

LIBRARY ARCHIVES Kerala Legislative Assembly

നിലവിലുള്ള വിത്തുകളും തൈകളും കൃഷിക്കാക്ക് കൊടുക്കാൻ ഏർപ്പാടു ചെയ്യുക മാത്രമാണിപ്പോഴും ചെയ്യുന്നതു്. പ്രൈവറ്റു നഴ്സറികളും വിതരണം ചെയ്യുന്ന തൈകളും ചെടികളും നന്നായിരിക്കണം. അതിനു ലൈസൻസു് എടുത്താൽ മതിയോ. പോരാ എന്നു് തീർച്ചയാണു്. കൃഷിഡിപ്പാർട്ടുമെൻറു് വിതരണം ചെയ്യുന്ന വിത്തുകളെ സംബന്ധിച്ചും ചെടികളെ സംബന്ധിച്ചും ജനങ്ങൾക്കു് വേണ്ടത്ര വിശ്വാസമുണ്ടോ? ചില കാര്യങ്ങളിൽ ഒട്ടും വിശ്വാസമില്ല എന്നു് തന്നെ പറയണം. ചില തരം വിത്തുകളും മുളക്കുകകൂടി ചെയ്യില്ല എന്ന ആക്ഷേപം കേട്ടിട്ടുണ്ടു്. അതേയവസരത്തിൽ ചില പ്രൈവറ്റു നഴ്സറിയിൽനിന്നും കിട്ടുന്ന പ്രത്യേക വിത്തുകളെയും മറ്റും സംബന്ധിച്ചിടത്തോളം ആളുകൾക്കു മതിപ്പുണ്ടു്, വിശ്വാസവും ഉണ്ടു്.

ഇവിടെ ഇപ്പോഴും പറയുന്ന ലൈസൻസു കൊടുക്കുന്ന ഡിപ്പാർട്ടുമെൻറാണു് എന്നു്. എന്നുവെച്ചാൽ, ഡിസ്ട്രിക്ടു് ആഫീസറോ, ഡെപ്യൂട്ടി ഡയറക്ടറോ അതിനും് അധികാരികളായി വരും. അതിൽ, ഈ ബാദ്ധ്യത നിറവേറ്റാൻ പറ്റുന്നവരാണൊ എന്നു് സംശയിക്കുന്നുണ്ടു്. പരിചയം കുറഞ്ഞവരെ ഇതിനു് നിയോഗിച്ചാലൊ? അത്തരക്കാരെ ഇതിനെല്ലാം അധികാരപ്പെടുത്തിയാൽ അപകടമാണു്. സക്കാർ റിസർച്ചു സ്റ്റേഷനിൽനിന്നും ഫ്രൂട്ടു നഴ്സറികളിൽനിന്നും ആവശ്യത്തിനു തൈകളും കിട്ടുവാൻ സാദ്ധ്യതയുണ്ടെന്നു ഉറപ്പുവരുത്തിടത്തോളം കാലം പ്രൈവറ്റു നഴ്സറികളേയും ശരണം പ്രാപിക്കേണ്ടി വരും. അതിനു് ചെറിയ തോതിൽ ഒരു നിയന്ത്രണം ആവശ്യവുമാണു്. അതു ക്രമത്തിൽ കൂടുതലാവുന്നതല്ല, കുറയുന്ന മാതിരിയാവണം. സംഗതി, മറ്റു വിധത്തിൽ നല്ല ഇനം വിത്തുകളും തൈകളും കിട്ടുമെന്ന ഉറപ്പുണ്ടാവുമല്ലൊ. ഈ ബില്ലിൽ പറയുന്ന മാതിരിയുള്ള നിയന്ത്രണത്തിനുള്ള കഴിവോ, സാമർത്ഥ്യമോ ഇന്നു ആഗ്രികൾച്ചർ ഡിപ്പാർട്ടുമെൻറിനുണ്ടോ? ജനങ്ങൾക്കാവശ്യമുള്ള വിത്തുകളും മറ്റും വിതരണം ചെയ്യാനുള്ള കഴിവും ഇന്നു് ഡിപ്പാർട്ടുമെൻറിനു വന്നിട്ടില്ല. ഇക്കാര്യങ്ങളെല്ലാം സെലക്ടുകമ്മിറ്റി പര്യാലോചിക്കണമെന്നാണു് എനിക്കു പറയുവാനുള്ളതു്.

വിത്തുകളുടെയും ചെടികളുടെയും കാര്യത്തിലെന്നപോലെ എങ്കിലും പുഷ്പങ്ങളുടെ കാര്യത്തിൽ ഇന്നു് ഒരു പിടിയുമില്ല എന്നാണു് എനിക്കു തോന്നുന്നതു്. മാവു്, പ്ലാവു് മുതലായ വൃക്ഷങ്ങളെ സംബന്ധിച്ചിടത്തോളം ഇന്നത്തെ നില മോശമല്ല. തെങ്ങിൻതൈകളുടെ കാര്യത്തിലും ചിലയിടത്തു് പുരോഗതിയുണ്ടു്. പക്ഷെ പുഷ്പങ്ങളെ സംബന്ധിച്ചിടത്തോളം സ്ഥിതി വളരെ മോശമാണു്. സൌന്ദര്യബോധത്തിൻെറ കൂടി പ്രശ്നമാണിതു്. ഇക്കാര്യത്തിൽ പ്രത്യേക ശ്രദ്ധ പതിപ്പിക്കേണ്ടതുണ്ടു്. പുതിയ രീതിയിലുള്ള പുഷ്പത്തനങ്ങൾതന്നെ ഡിപ്പാർട്ടുമെൻറിൻെറ ആഭിമുഖ്യത്തിൽ ആരംഭിക്കേണ്ടതായിട്ടുണ്ടു്. കൃഷി അഭിവൃദ്ധിപ്പെടുത്തുന്നതിൻെറ ഒരു പൊതു പ്രശ്നമായിട്ടുകൂടി ഇതിനെ കാണേണ്ടിവരും. ആ കാഴ്ചപ്പാടിൽ, ഗവണ്മെൻറു് ചെയ്യേണ്ട കാര്യങ്ങൾ ചെയ്യണമെന്നതു്, ഇവിടെ ഒട്ടും അപ്രധാനമല്ല.

സർ, പാലക്കാട്ടുതന്നെ ഒരു ഫ്രൂട്ടു നഴ്സറി ആരംഭിച്ചിട്ടുണ്ടു്. അതിൻെറ കാര്യം മന്ത്രി ഇവിടെ സൂചിപ്പിച്ച അതു് ഉറച്ച ഒരടിസ്ഥാനത്തിലാണോ? ക്രമപ്രവൃദ്ധമായി, അഭിവൃദ്ധിപ്പെട്ടവരുന്നുണ്ടോ? നല്ല ഒരു റിസച്ചു് സ്റ്റേഷനായി അതു് വളരുന്നുണ്ടോ? ഇതത്രയും ഗൌരവമുള്ള കാര്യങ്ങളാണു്. റിസച്ചിൻെറയും ശാസ്ത്രീയതയുടെയും ടെൻറൻസി വളർത്തുന്നതിൻെറ കൂടി ഒരു പ്രശ്നമായി ഇതു കാണണം.

മൂന്നാംപദ്ധതിയെപ്പറ്റി ആലോചന നടന്ന കാലത്തു്, റിസർച്ചിനു ഒരു പ്രത്യേക കേഡർ, അഗ്രികൾച്ചർ ഡിപ്പാർട്ടുമെൻറിൽ ഉണ്ടായിരിക്കണമെന്ന ഒരു തത്വം അംഗീകരിക്കപ്പെട്ടിരുന്നു, അതു എത്രകണ്ടു ഫലപ്രദമായി ഡിപ്പാർട്ടുമെൻറു നടപ്പാക്കി എന്നറിവില്ല. വളരെ പ്രധാനമായ ഒരു അയിറ്റമായി കരുതപ്പെടേണ്ടുന്ന ഒന്നാണിതു്. റിസർച്ചു് സ്റ്റേഷനുകൾ ധാരാളം ഉണ്ടായതുകൊണ്ടു മാത്രം കാര്യമില്ല. പറയുന്ന ഒരു കൂട്ടം ആളുകളുള്ളതിൽ താല്പര്യത്തോടെ പ്രവർത്തിക്കാനുണ്ടാകണം. ഇപ്പോൾ ഒട്ടൊക്കെ പലതിൻെറയും സെക്കൽട്ടൻ മാത്രമാണുള്ളതു്. അതു് മെച്ചപ്പെടുത്തുക മാരിച്ചു ചുമതലതന്നെ,

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ഈ. പി. ഗോപാലൻ]

ബഹുമാനപ്പെട്ട ഒരു മെമ്പർ ഇവിടെ സൂചിപ്പിച്ചതുപോലെ കമ്മ്യൂണിറ്റി ഡവലപ്മെന്റു ബ്ലാക്കുകൾ വഴി തൈകളുടേയും മറ്റും വിതരണം നടത്താവുന്നതാണു്. ഇപ്പോൾ ബ്ലോക്കുകളുടെ പ്രവർത്തനം പല വഴികളിലൂടെ പരന്നു കിടപ്പാണു്. ബ്ലോക്കുകളുടെ പ്രവർത്തനം കൃഷിയിൽ കൂടുതൽ കേന്ദ്രീകരിക്കണമെന്ന തത്വം അംഗീകരിക്കപ്പെട്ടിട്ടുണ്ടു്. പലതിലും പ്രവേശിച്ച ഒന്നും ഫലപ്രദമാകാതെ വരുന്ന രീതി മാറുന്നതു് നല്ലതുതന്നെ. കമ്മ്യൂണിറ്റി ഡവലപ്മെന്റു പ്രവർത്തനങ്ങളും കാർഷികരംഗത്തു കേന്ദ്രീകരിക്കുകയാണെങ്കിൽ, കൃഷി ഡിപ്പാർട്ടുമെന്റു് ഇന്നു ചെയ്യുന്ന പല ജോലികളും ബ്ലോക്കുകളെ ഏല്പിക്കാൻ കഴിയും. അങ്ങിനെ വന്നാൽ, ഡിപ്പാർട്ടുമെന്റിന്നു് റിസർച്ചിലും മറ്റും കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കാൻ കഴിയും. റിസർച്ചു് സ്റ്റേഷനുകളും നഴ്സറികളും എന്നിവയിൽ കൂടുതൽ ശ്രദ്ധ ചെലുത്തുകയും അവയെ കൂടുതൽ വിപുലപ്പെടുത്തുകയും ചെയ്താൽ എത്ര നന്നു്. നല്ല തൈകളും, വിത്തുകളും, വളം മുതലായവ വിതരണം ചെയ്യാൻ ബ്ലാക്കുകളെ ഏൽപ്പിക്കണം. ഗവണ്മെന്റു കൂടുതൽ ഉത്തരവാദിത്വത്തോടുകൂടി നല്ല റിസർച്ചുകേന്ദ്രങ്ങളും ഉണ്ടാക്കണം. പുതിയ തരത്തിലുള്ള തൈകളും മറ്റും കണ്ടുപിടിക്കുന്നതിനും വർദ്ധിപ്പിക്കുന്നതിനും നഴ്സറികളും ഫാർമുകളുണ്ടാക്കുകയും വലിയ തോതിൽ നല്ലയിനം തൈകളും മറ്റും ഉൽപ്പാദിപ്പിക്കുന്നതിനും കഴിവു് ഉണ്ടാകുകയും ചെയ്താൽ മാത്രമേ പ്രയോജനമുള്ളൂ. പ്ലാൻറു പ്രൊട്ടക്ഷൻ മേഖലയിൽ നല്ല റിസർച്ചു കേന്ദ്രങ്ങളും ഉണ്ടാക്കി, രോഗങ്ങളിൽ നിന്നു് ചെടികളെ രക്ഷിക്കുക എന്നതു് ഏറ്റവും വലിയ കാര്യമാണെന്നു ഞാൻ കരുതുന്നു. ആ രീതിയിൽ ഗവണ്മെന്റു പരിശ്രമിച്ചാൽ മാത്രമേ പ്രൈവറ്റു നഴ്സറികളുടെ മേലുള്ള നിയന്ത്രണം ഫലപ്രദമാവുകയുള്ളൂ. മറ്റു വിധത്തിൽ നിയന്ത്രിക്കാൻ തുടങ്ങിയാൽ നിയന്ത്രണം മാത്രം ബാക്കിയാകും. ഉദ്ദേശിച്ച കാര്യം ഒന്നും നടക്കില്ല. പ്രൈവറ്റു നഴ്സറികളും തന്നെയും ഒരുതരത്തിൽ, പുതിയ കണ്ടുപിടുത്തങ്ങളെ ആശ്രയിച്ചാണു് നിൽക്കുക. അപ്പോൾ, ഫലപ്രദമായ നിയന്ത്രണം എങ്ങിനെ നടത്താം എന്നു് പര്യാലോചിക്കേണ്ടതുണ്ടു്. ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ നല്ല വിത്തുകളും, തൈകളും വിതരണം ചെയ്യുന്ന സ്വകാര്യ നഴ്സറികളും ഉണ്ടാകും. അത്തരത്തിൽ പെട്ടവ പ്രോത്സാഹനമർഹിക്കുന്നു. നിയന്ത്രണം ഒരു വിധത്തിലും അവശ്യം ഹാനികരമാകാൻ പാടില്ല.

സർ, ബഹുമാനപ്പെട്ട മന്ത്രിയുടെ പ്രത്യേക ശ്രദ്ധയിൽ പെടുത്താനുള്ള മറെറാരു കാര്യം, ഒട്ടുമാവിൻ തൈകളെപ്പറ്റിയാണു്. ഇന്നു് നമ്മുടെ സംസ്ഥാനത്തു് പലതരത്തിലുള്ള ഒട്ടുമാവിൻതൈകളും ഗ്രാഫ്റ്റുചെയ്തു് വിതരണം ചെയ്യുന്നുണ്ടു്. എന്നാൽ എല്ലാം ഒന്നുപോലെ കായ്ക്കുന്നില്ല. പ്രതിവർഷം സുരക്ഷിതമായിട്ടുള്ള രീതിയിൽ വിളവുണ്ടാകുന്നില്ല. ഒന്നിടവിട്ട മാത്രം കായ്ക്കുന്ന മാവുകളും ഉണ്ടു്. തീരെ കായ്ക്കാത്തവയും കാണും. തൈകളുടെ ദോഷമാണോ, മണ്ണിന്റെ വ്യത്യാസമാണോ, വളം ചെയ്യാത്തതാണോ, ഏതാണു് അഥവാ, എന്തെല്ലാമാണു് വൈഷമ്യങ്ങൾ എന്നു് പരിശോധിക്കേണ്ടതുണ്ടു്. ഇതും റിസർച്ചിന്റെ കാര്യമാണു്. ഇതിനെ സംബന്ധിച്ചു് ഡിപ്പാർട്ടുമെന്റു പരിശോധിച്ചിട്ടുണ്ടോ ? ഇന്നത്തെ അനുഭവം വച്ചു പരിശോധിച്ചാൽ, ഡിപ്പാർട്ടുമെന്റു അതുയൊന്നും മെച്ചപ്പെട്ടിട്ടില്ലെന്നു് കാണാം. എന്നാൽ, ഈ കാര്യങ്ങളൊക്കെ പരിശോധിക്കണം. ഈ ബിൽ അസ്ഥാനത്തായി എന്നു പറയുന്നില്ല. എങ്കിലും ഇക്കാര്യത്തിൽ ഏറ്റവും വലിയ ഉത്തരവാദിത്വം ഗവണ്മെൻറിനാണു് എന്നു് ബോധ്യപ്പെട്ടുവോ എന്നു സംശയമാണു്. സ്വകാര്യ നഴ്സറികളെ നിയന്ത്രിക്കാൻ ഉള്ള അധികാരം മാത്രം മതി എന്നു് കരുതിയാൽ, ഈ ബിൽ അസ്ഥാനത്താകും. മറിച്ചു ഗവണ്മെൻറു നിർവ്വഹിക്കേണ്ട ചുമതല നിറവേറുകയും സമൃദ്ധിയായി നല്ലയിനം വിത്തുകളും തൈകളും ഉൽപ്പാദിക്കുകയും ചെയ്തുകൊണ്ടു് സ്വകാര്യ നഴ്സറികളെ നിയന്ത്രിക്കുകയും ചെയ്യുകയാണെങ്കിൽ, ഉദ്ദേശിച്ച കാര്യം സഫലമാകും. ഇക്കാര്യമെല്ലാം സെലക്ടുകമ്മിറ്റി പരിഗണിക്കും എന്നു് കരുതുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ആർ സുഗതൻ : സർ, കേരളാ ഫ്രൂട്ട് നഴ്സറീസ് ബിൽ സെലക്റ്റ് കമ്മിറ്റിക്കയയ്ക്കണമെന്നുള്ള അഭിപ്രായത്തെ ഞാൻ അനുകൂലിക്കുകയാണ്. അങ്ങനെ അനുകൂലിക്കുന്നുണ്ടെങ്കിലും, ഈ ബില്ലിൽ പറയുന്ന വ്യവസ്ഥകളെല്ലാം അതേപടി അംഗീകരിക്കണമെന്ന് എനിക്ക് അഭിപ്രായമില്ല. സെലക്റ്റ് കമ്മിറ്റി ഗാഢമായി ശ്രദ്ധിക്കേണ്ട ചില കാര്യങ്ങളും ഈ അവസരത്തിൽ ഓർമ്മപ്പെടുത്താമെന്നു വിചാരിക്കുന്നു. സ്വകാര്യഫലവൃക്ഷത്തോട്ടങ്ങളും, വിത്തുല്പാദനകേന്ദ്രങ്ങളും ഉണ്ടാക്കുന്നതിനെ സഹായിക്കുന്നതരത്തിലായിരിക്കണം ഇതിൽ വ്യവസ്ഥ ചെയ്യേണ്ടത്. സഹായിക്കുന്നതിനുപകരം, അവരുടെ ലൈസൻസു പിൻവലിക്കാനും, അവരെ ശിക്ഷിക്കാനുമുള്ളവ്യവസ്ഥ ഉണ്ടാക്കുന്നതു ശരിയല്ല. ഇതിനെ സെലക്റ്റുകമ്മിറ്റി അനുകൂലിക്കരുതെന്നാണ് എന്റെ അഭിപ്രായം. നിയമം കൊണ്ടുവരുമ്പോൾ ചില വ്യക്തമായ ഉദ്ദേശം ഉണ്ടായിരിക്കണം. നാം ഇവിടെ പല നിയമങ്ങളും ഉണ്ടാക്കാറുണ്ട്. മദ്യനിരോധനനിയമംപോലെ പല നിയമങ്ങളും പാസ്സാക്കിയിട്ട് നിയമം ലംഘിക്കാനുള്ള അവസരം കൂടുതൽ നൽകുന്നതിനാണ സഹായിച്ചിട്ടുള്ളത്. നിയമം ഉണ്ടാക്കിയാൽ അതു അനുസരിക്കാനല്ലാതെ, നിയമലംഘനത്തിനു അവസരം നൽകുന്നതു ശരിയല്ല. ഈ നിയമത്തിൽ ഫലവൃക്ഷത്തോട്ടങ്ങളും, വിത്തുല്പാദനകേന്ദ്രങ്ങളും ഉണ്ടാക്കി സൂക്ഷിക്കുന്ന സ്വകാര്യഉടമകളെ ശിക്ഷിക്കുന്നതരത്തിലുള്ള വ്യവസ്ഥകളും കഴിയുന്നതും ഉപേക്ഷിക്കേണ്ടതാണ്. അവർക്കു ന്യായമായ പ്രോൽസാഹനവും സഹായവും നൽകേണ്ടതാണ്. സെലക്റ്റുകമ്മിറ്റി ഈ കാര്യം പ്രത്യേകം പരിശോധിക്കേണ്ടതാണ്.

മറെറാന്നു വിത്തുല്പാദനത്തെ സംബന്ധിച്ചാണ പറയാനുള്ളതു്. എൻ. ഈ. എസ്. ബ്ലോക്കുകളും കാർഷികവികസനത്തിനായി നാട്ടുകാർക്കു ചില സഹായങ്ങളും ചെയ്യുവരുന്നുണ്ട്. ഇന്നത്തെ സംപ്രദായം വേണ്ടത്തോളം ശരിയല്ലെന്നാണ് എന്റെ അഭിപ്രായം. വിത്തു്, വളം, ഉപദേശം ഇതെല്ലാം കൊടുത്തിട്ട് അവരെക്കൊണ്ടു കൃഷി ചെയ്യിക്കുന്ന ഏർപ്പാടുകളും ചെയ്യണം. ഇന്നു് എൻ. ഈ. എസ്. ബ്ലോക്കുകളുമുഖേന ചെയ്യുന്നതു് നല്ലയിനം വിത്തു ശേഖരിച്ചു് മുളപ്പിച്ചു് കൃഷിക്കാരെ ഏൽപ്പിക്കുകയാണു്. അങ്ങനെ മുളപ്പിക്കുന്ന തെങ്ങിൻതൈകളും, ജീപ്പിന്റെ പുറകിൽ പ്രത്യേകം ഘടിപ്പിക്കുന്ന ടെയിലറിൽ എട്ടും പത്തും മൈൽ അകലെ കൊണ്ടുപോയി വിതരണം ചെയ്യാറുണ്ട്. അതിനിടയിൽ തെങ്ങിൻതൈകളുടെ കടന്ത പോയി ചിലതു ഉപയോഗശൂന്യമായും തീരാറുണ്ട്. ഈ കഴപ്പം വരാതിരിക്കാൻ നല്ലഇനം തേങ്ങാ കൃഷിക്കാർക്കു കൊടുത്തിട്ട് അതു മുളപ്പിച്ചു് വേണ്ടവിധം വച്ചുപിടിപ്പിക്കാനുള്ള ഉപദേശം കൊടുത്താൽ മതിയാകും. അല്ലെങ്കിൽ, ഗവണ്മെന്റു ശമ്പളം വാങ്ങുന്ന ഉദ്യോഗസ്ഥന്മാർ കൃഷിക്കാരുടെ പീട്ടിൽ ചെന്നു് അവരുടെ കൃഷി നടത്തിക്കൊടുക്കണമെന്ന ഒരു മനോഭാവം ക്രമേണ അവർക്കുണ്ടായിത്തീരും. അതു വരാതെ സൂക്ഷിക്കണം.

സർ, സ്വകാര്യനഴ്സറി സമ്പ്രായത്തെ നിയന്ത്രിക്കുന്ന ഏർപ്പാടു കൂടുതൽ കർശനമാക്കാൻ പാടില്ല. ആ സമ്പ്രദായത്തെ പ്രോൽസാഹിപ്പിക്കണം. ഇവിടെ പല സ്നേഹിതന്മാരും മാവിൻതൈയുടെ കാര്യം പറഞ്ഞു. ചിലർ നാട്ടുമാവിന്റെ കമ്പും, മൈലാപ്പൂർ മാവിന്റെ കമ്പുമായിട്ട് ഗ്രാഫ്റ്റു ചെയ്തതാണെന്നു പറഞ്ഞു മാവിൻതൈകൾ വിതരണം ചെയ്യാറുണ്ട്. മാവു വച്ചുപിടിപ്പിച്ചു മാങ്ങ പിടിക്കുമ്പോൾ വെറും ഒരു ഉണ്ണിമാങ്ങയുടെ വലിപ്പമേ കാണൂ. അങ്ങനെയുള്ള കൃത്രിമബന്ധം ഉണ്ടാകാതെ സൂക്ഷിക്കേണ്ടതാവശ്യമാണ്. അതുപോലെതന്നെ വിത്തു വിതരണം ചെയ്യുന്ന ചില സ്വകാര്യ ഏജൻസികളും കൃത്രിമം കാണിക്കാറുണ്ട്. ഈയിടെ ഞാനും ശ്രീ. ചാഴിക്കാടനുംകൂടി ഒരു സീഡ്ഫാം സന്ദർശിച്ചപ്പോൾ അവിടത്തെ ഗ്രാമസേവകൻ അവധിയിലായിരുന്നു. രണ്ടാഴ്ചത്തെ അവധി എടുത്തിരിക്കുകയായിരുന്നു. ആ ഗ്രാമസേവകൻ വിതരണം ചെയ്ത യു. ആർ. എന്ന വിത്തു് മുളയ്ക്കാത്തതുകാരണം കൃഷിക്കാർ അയാളെ തല്ലാൻ തയ്യാറായിരിക്കുകയാണെന്നും, അതുകൊണ്ടാണു് അയാൾ അവധിയിൽ പോയിരിക്കുന്നതെന്നുമാണു് അറിയാൻ കഴിഞ്ഞതു്. ഇങ്ങനെയുള്ള അനുഭവങ്ങളും ഉണ്ടാകാറുണ്ട്. കരുതിക്കൂട്ടി കള്ളം കാണിക്കുന്ന

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ആർ. സുഗതൻ]

വർ ഉണ്ടെങ്കിൽ അവരെ കണ്ടുപിടിച്ച് നിയന്ത്രിക്കേണ്ടതാണ്. വിത്തുകൾ വളരെ സൂക്ഷ്മമായും, വിദഗ്ദ്ധമായും പരിശോധിച്ച് വിതരണം ചെയ്യണം. കരുനാഗപ്പള്ളിയിലും ഒരു സീഡുഫാം നല്ല നിലയിൽ പ്രവർത്തിക്കുന്നുണ്ട്. സഹകാര്യഏജൻസികൾ ഈ രംഗത്തു പ്രവർത്തിക്കുന്നതിനെ നിയമംമൂലം തടസ്സപ്പെടുത്തുന്നതു ശരിയല്ല. നിയമം ആവശ്യംതന്നെയെങ്കിലും, തൊട്ടതിനും പിടിച്ചതിനുമൊക്കെ നിയമം കൊണ്ടുവരുന്നതു ശരിയല്ല. നിയമത്തിന്റെ ഉദ്ദേശം വേണ്ടപോലെ മനസ്സിലാക്കി, ജനങ്ങളുടെ താൽപ്പര്യവും, ക്ഷേമവും വളർത്താൻ പറ്റിയ രീതിയിൽ നിയമം കൊണ്ടുവരണം. ആ നിലയിൽ സെലക്ട്കമ്മിറ്റി ഇതു പരിശോധിച്ച് വേണ്ട മാറ്റം വരുത്തണമെന്നു അഭ്യർത്ഥിക്കുന്നു. ഞാൻ ഇതിനെ അനുകൂലിക്കുന്നു.

Minister for Food and Agriculture (**Shri E. P. Poulose**):

Sir, there is some consolation in the realisation of the fact that the pessimism expressed by Shri P. Balachandra Menon and Shri Narayanan Thampi was not shared by many of the other members. In fact there has been general support to the principles of the Bill and the necessity for passing such a measure. Incidentally, some hon. Members who spoke about the Bill also touched upon the question of the progress of agricultural research in general. All these observations are not strictly relevant for the consideration of the principles of this Bill, but they are important questions to which the Department's attention could be drawn. To suggest that our District Farms and Research Centres have not been developing as we wish, is only partially correct. In fact, I feel very good work has been done in the District Agricultural Farms and they are raising very good nurseries and distributing all varieties of useful plants and there is general appreciation among the public for this kind of work being done. The question of discovery and isolation of certain viruses in some of our plantations, especially in cocoanut, was dealt with by some hon. Members. It was stated here that the Department has expressed the opinion that virus is a disease affecting the cocoanut palm. This is not correct. There is only the suspician that virus is the cause for some of the disastrous cocoanut diseases causing considerable damage to the cocoanut cultivators. All the efforts made to isolate the virus have not succeeded, But the efforts in that direction, although very often they were criticised in this House, have been very much appreciated in other cocoanut growing countries. From all the enquiries made in this behalf, I can assure the hon. Members that research in this direction has progressed much in our State. Our research workers in this direction are doing very good work and they have succeeded. That is the real position. In spite of the fact that research work on cocoanut disease is being strengthened the assistance of foreign experts well versed in this field, has also been asked for and I have been assured that before long the foreign experts will be coming here and they will assist and watch the progress of the work that is being done in our State. That is the position. So, it is wrong to say that some virus is the cause of the disease in cocoanut palms. As a matter of fact the suspicion is there. Research has been conducted in that line on the assumption that cocoanut disease is caused by some virus; but this has not yet been fully established.

LIBRARY ARCHIVES Kerala Legislative Assembly

As regards the general qualities of seedlings distributed from the Department, here and there, there have been occasions when public have raised some complaints. Criticisms have been made that very inferior seedlings have been distribured. With regard to the collection raising of nurseries and distribution of seedlings hitherto it has been the practice for all blocks to undertake the raising of small nurseries and distribute those seedlings. It was not possible to exercise any sort of effective control on the type of works that has been done in these blocks. But very recently the raising of nurseries, collection of seed-nuts and the distribution of seedlings have been centralised and that has eliminated a good deal of such complaints.

As regards other matters about which references were made they are questions to be dealt with in the Select Committee. It has been pointed out whether it will be possible for the owner of a nursery to assure that seedlings that he is distributing are entirely free from disease. I do not think that there need be much apprehension on this point. Ordinarily punishment is for violation of certain conditions in the licence. This is one among the many conditions imposed on the licencee. As regards the above it is difficult to detect before hand if certain seedlings purchased from a licensed nursery are disease-free. We may even provide some provision here to the effect that whoever distributes seedlings knowing that the seedlings are effected by pests and diseases need alone be punished, if the Select Committee agrees to it. I do not know whether mensrea or wrongful intention has been taken into account in the law in force in other States. That will also be looked into, if necessary as a measure of safeguard We may provide that punishment will be given only to a person who knowingly distributs inferior and diseased seedlings with the knowledge that they are not pure. Advanced countries have also adopted this measure and it is necessary that we also enact immediately such a law for the purpose of distributing good seedlings for the use of the general public.

LIBRARY ARCHIVES Kerala Legislative Assembly

Mr. Speaker : The question is that the Kerala Fruit Nurseries Bill, 1963, be referred to a Select Committee consisting of the following Members:—

1 Shri O. Koran
2 ,, T. A. Thomman
3 ,, K. C. Abraham
4 ,, V. Madura
5 ,, P. R. Krishnan
6 ,, R. Krishnan
7 ,, P. K. Kunjachan

and the Mover. The Mover will be the Chairman

The Motion was put and carried.

The Bill was referred to the Select Committe